(ബി) ഇൻറർ സ്റ്റേറ്റ് റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്ത വിധത്തിൽ ഏതെല്ലാം റോഡുകൾ ഇന്ന് നിലവിലുണ്ടെന്നു പറയാമോ ;

(സി) പഴനി–ഗുരുവായൂർ റോഡിൽ നമ്മുടെ സംസ്ഥാനത്തിലെ ഏതാനും മൈലുകൾ വരുന്ന കേരള റോഡ് വളരെ ശോചനീയമായ നിലയിലാണെന്നു അറിയാമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും മെയിൻറനൻസിനുവേണ്ടി നാലുകോടി അൻപതുലക്ഷം ഉറപ്പിക വകകൊള്ളിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

പാലങ്ങളുടെയും റോഡുകളുടെയും എസ്റ്റിമേറ്റ്

* 109. [298] ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69–ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പാലങ്ങളുടെയും റോഡുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞുവോ ;

(ബി) തളിപ്പറമ്പു താലൂക്കിലെ റോഡുകളുടെയും പാലങ്ങളുടെയും പണി ഉടനെ തുടങ്ങുവാൻ നടപടി എടുക്കുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) എല്ലാ പാലങ്ങളുടെയും റോഡുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടില്ല.

(ബി) ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുള്ള ജോലികൾ എത്രയുംവേഗം തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

തഴപ്പാ വ്യവസായം

* 110. [299] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഴപ്പാ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഡിപ്പാർട്ടുമെൻറിൽ നിന്നും ഖാദി ബോർഡിൽനിന്നും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) പ്രസിദ്ധമായ തഴപ്പാ, മെത്തപ്പാ വ്യവസായങ്ങൾ സമുദ്ധരിക്കുന്നതിന് ഖാദി ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ, ബി) വ്യവസായഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ

1. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ ഉല്പാദനപരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലകർക്ക് സ്റ്റൈപ്പെൻറ് നൽകുക.

2. പരിശീലനം ലഭിച്ചവരെ അംഗങ്ങളാക്കി തഴപ്പാ സഹകരണസംഘങ്ങൾ രൂപീകരിച്ച് സാങ്കേതികവും ധനപരവുമായ സഹായങ്ങൾ നൽകുക.

3. ഡിപ്പാർട്ടുമെൻറിൻകീഴിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് കം ഡിസൈൻ സെൻററിലും കോമൺ ഫെസിലിറ്റി സർവ്വീസ് സെൻററിലും ഇതിലേക്ക് ഓരോ പ്രത്യേക വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly